Circular: 2/Gen /2020

# പൗരസ്ത്യ ഓർത്തഡോക്സ് സിറിയൻ സൺഡേസ്കൂൾ അസോസിയേഷൻ

**ദേവലോകം, കോട്ടയം – 686 004**
**Ph: 0481 2572890, website: ossae.org, e-mail: dgossae@gmail.com**

## വിജ്ഞാപനം

## സഹപാഠ്യമത്സരങ്ങളും പരീക്ഷകളും

ബഹു. അച്ചൻ/പ്രിയ സഹപ്രവർത്തകരെ,

സഹപാഠ്യമത്സരങ്ങളെയും പരീക്ഷകളെയും സംബന്ധിക്കുന്ന വിജ്ഞാപനം അയക്കുന്നു. ഓരോ സൺഡേസ്കൂളിലെയും **ബഹു. വികാരിക്കും സൺഡേസ്കൂൾ പ്രധാന അധ്യാപകനും/അധ്യാപികയ്ക്കും ഈ സർക്കുലറിന്റെ കോപ്പികൾ നൽകണം.** എല്ലാ സ്കൂളിലും രണ്ടു കോപ്പി വീതം ലഭിച്ചു എന്നു ബന്ധപ്പെട്ട ഡി. ഇൻസ്പെക്ടർ ഉറപ്പുവരുത്തണം. ബഹു. വികാരി അച്ചന്റെ അധ്യക്ഷതയിലോ/അനുവാദത്തോടുകൂടിയോ സ്റ്റാഫ് മീറ്റിങ് കൂടി, ഈ സർക്കുലർ മുഴുവനും പ്രസ്തുത മീറ്റിങ്ങിൽ വായിച്ചു വിശദീകരിക്കണം.

## A. സഹപാഠ്യ മത്സരങ്ങൾ

### മത്സര തീയതികൾ

1. സ്കൂൾതലം : 2020 ആഗസ്റ്റ് 16 ഞായർ
2. ഡിസ്ട്രിക്ട്തലം : 2020 സെപ്റ്റംബർ 12 ശനി
3. ഭദ്രാസനതലം : 2020 ഒക്ടോബർ 10 ശനി
4. സോണൽതലം : 2020 നവംബർ 14 ശനി
5. സൺഡേസ്കൂൾ പ്രതിഭാ മത്സരങ്ങൾ (വാഗ്മിതിലകം, ഗാനസുഗന്ധി, വിജ്ഞാനി, പ്രവീൺ) : 2021 ജനുവരി 9 ശനി.

ഭദ്രാസന, സോണൽ മത്സരങ്ങൾ മുകളിൽ കൊടുത്തിരിക്കുന്ന തീയതികളിൽതന്നെ നടത്തേണ്ടതാണ്. സ്കൂൾതലം, സ്കൂളുകളുടെ സൗകര്യം അനുസരിച്ച് ഡിസ്ട്രിക്ട് മത്സരത്തിനു മുമ്പായി നടത്താവുന്നതാണ്. ഡിസ്ട്രിക്ട്തലം, ഭദ്രാസന ഡയറക്ടറുമായി ആലോചിച്ച് മാറ്റാവുന്നതാണ്.

### മത്സര വിഭാഗങ്ങൾ

| ക്ലാസ് | വിഭാഗം | ജനനതീയതി |
|---|---|---|
| **ബേത്‌ലഹേം ക്ലാസ്സു മുതൽ 10 വരെ സൺഡേസ്കൂൾ ക്ലാസ്സുകളിൽ പഠിക്കുന്നവർ** | സബ് ജൂണിയർ | 01-01-2011 നോ അതിനു ശേഷമോ ജനിച്ചവർ |
| | ജൂണിയർ | 01-01-2008 മുതൽ 31-12-2010 വരെ ജനിച്ചവർ |
| | സീനിയർ | 01-01-2003 മുതൽ 31-12-2007 വരെ ജനിച്ചവർ |
| **11, 12 സൺഡേസ്കൂൾ ക്ലാസ്സുകളിൽ പഠിക്കുന്നവർ** | ഹയർ സെക്കണ്ടറി | 01-01-2001 നോ അതിനു ശേഷമോ ജനിച്ചവർ |

വിദ്യാർത്ഥി, പ്രായം അനുസരിച്ച് ഏതു വിഭാഗത്തിൽപ്പെടുന്നുവോ ആ വിഭാഗത്തിൽ മാത്രമേ മത്സരിക്കുവാൻ അനുവാദമുള്ളൂ.

- **11, 12 സൺഡേസ്കൂൾ ക്ലാസ്സുകളിൽ പഠിക്കുന്നവർ മാത്രമെ ഹയർസെക്കണ്ടറി വിഭാഗത്തിൽ ഉൾപ്പെടുകയുള്ളൂ.**

- **പ്രായത്തിന്റെ അടിസ്ഥാനത്തിൽ ഹയർ സെക്കണ്ടറി വിഭാഗത്തിലുള്ളവർ മറ്റു വിഭാഗത്തിലോ മറ്റു വിഭാഗത്തിലുള്ളവർ ഈ വിഭാഗത്തിലോ മത്സരിക്കുവാൻ പാടില്ല.**
- ഹയർസെക്കണ്ടറി വിഭാഗത്തിൽ ഒരു കുട്ടിക്ക് രണ്ടുതവണ (2 വർഷം) മാത്രമെ പങ്കെടുക്കുവാൻ അവസരം ഉണ്ടായിരിക്കുകയുള്ളൂ.

## മത്സര ഇനങ്ങൾ

| | |
|---|---|
| സബ്ജൂണിയർ | പ്രസംഗം, സംഗീതം |
| ജൂണിയർ | പ്രസംഗം, സംഗീതം, സമൂഹഗാനം, വേദവാക്യം |
| സീനിയർ | പ്രസംഗം, സംഗീതം, സമൂഹഗാനം, വേദവാക്യം, പൊതുവിജ്ഞാനം |
| ഹയർസെക്കണ്ടറി | പൊതുവിജ്ഞാനം, ഉപന്യാസം, വേദവാക്യം, ഔഗേൻ ബാവ അനുസ്മരണ പ്രസംഗം |

### പ്രസംഗമത്സരം

| **വിഭാഗം** | **പ്രസംഗവിഷയങ്ങൾ** |
|---|---|
| സബ്ജൂണിയർ | (1) നല്ല സ്നേഹിതൻ (2) നല്ല ശീലങ്ങൾ |
| ജൂണിയർ | (1) നമുക്കു നമസ്കരിക്കാം (2) ഒരുമിച്ചു ജീവിക്കാം |
| സീനിയർ | **സ്കൂൾതലം മുതൽതന്നെ** 10 മിനിറ്റ് മുമ്പുമാത്രമായിരിക്കും പ്രസംഗ വിഷയം നൽകുന്നത്. |
| ഹയർസെക്കണ്ടറി | ഔഗേൻ ബാവ അനുസ്മരണ പ്രസംഗം (പേജ് 5 കാണുക.) |

- തന്നിരിക്കുന്നതിൽ ഒരു വിഷയം ജഡ്ജസിന്റെ സാന്നിദ്ധ്യത്തിൽ മാത്രം നറുക്കിട്ട് തെരഞ്ഞെടുത്ത് ഓരോരുത്തർക്കും 5 മിനിറ്റ് മുമ്പ് മാത്രം നൽകണം.
- പ്രസംഗസമയം 5 മിനിട്ടായിരിക്കും.
- പ്രസംഗമത്സരങ്ങൾക്ക് വാണിങ്ബെല്ലും ഫൈനൽ ബെല്ലും നൽകുന്ന രീതിയും അതു നൽകുന്ന സമയവും മത്സരം ആരംഭിക്കുന്നതിനുമുമ്പ് (പങ്കെടുക്കുന്ന കുട്ടികളും ജഡ്ജസും സന്നിഹിതരായിരിക്കുമ്പോൾ) പരസ്യമായി മത്സരവേദിയിൽ ബോധ്യപ്പെടുത്തണം. വാണിങ് ബെൽ ഫൈനൽ ബെല്ലിൽനിന്നും തികച്ചും വ്യത്യസ്തമായിരിക്കണം.
- **സീനിയർ വിഭാഗത്തിൽ ഡിസ്ട്രിക്ട് തലത്തിൽ പ്രസംഗവിഷയം ഭദ്രാസന ഡയറക്ടർ നല്കേണ്ടതാണ്.**
- **വിലയിരുത്തൽ മാനദണ്ഡം:** ഭാഷാശൈലി, ആശയം, അവതരണം.

### സംഗീത മത്സരം

- സമയം 3 മിനിട്ട്. • മലയാള ക്രിസ്തീയഗാനങ്ങൾ മാത്രം. • ക്ലാസ്സിക്കൽ സംഗീതം അനുവദനീയമല്ല. • **വിലയിരുത്തൽ മാനദണ്ഡം:** ശ്രുതി, ലയം, താളം, അവതരണം.

### സമൂഹഗാന മത്സരം

• സമയം 3 മിനിറ്റ്. • ഒരു ഗ്രൂപ്പിൽ മൂന്നു പേരിൽ കൂടുവാൻ പാടില്ല. • തെരഞ്ഞെടുക്കപ്പെട്ട മലയാളത്തിലുള്ള ആരാധനാ ഗീതങ്ങൾ മാത്രമേ പാടാവൂ.

• 2020-ലെ മത്സരങ്ങൾക്ക് തെരഞ്ഞെടുക്കപ്പെട്ട ഗീതങ്ങൾ: **കൂദാശക്രമത്തിലെ വി. മാമ്മോദീസായുടെ ഗീതങ്ങൾ** മാത്രം.

• **വിലയിരുത്തൽ മാനദണ്ഡം:** ശ്രുതി, ലയം, താളം, അവതരണം, ശബ്ദഏകീകരണം.

### വാകൃമത്സരം

• സമയം 45 മിനിറ്റ്. 'തങ്കവാക്യ പുസ്തകം' ആദ്യത്തെ 25 വിഷയങ്ങൾ അടിസ്ഥാനമാക്കി ആയിരിക്കും ജൂണിയർ വിഭാഗത്തിൽ ചോദ്യങ്ങൾ ഉണ്ടാകുക. • സീനിയർ വിഭാഗത്തിന്

തങ്കവാക്യപുസ്തകത്തിലെ എല്ലാ വിഷയങ്ങളും ഉണ്ടാകും: 2018 ൽ പ്രസിദ്ധീകരിച്ച തങ്കവാക്യപുസ്തകം റഫറൻസിനായി ഉപയോഗിക്കാവുന്നതാണ്. ബൈബിൾ സൊസൈറ്റി പ്രസിദ്ധീകരിക്കുന്ന മലയാള വേദപുസ്തകം ആയിരിക്കും പാഠരൂപത്തിന് (Text)ആധാരമാക്കുന്നത്.

**പൊതുവിജ്ഞാനമത്സരം**

- സമയം 45 മിനിറ്റ്. 'പൊതുവിജ്ഞാനപഠനസഹായി' എന്ന പുസ്തകം ഒരു റഫറൻസ് പുസ്തകമായി മാത്രമേ പരിഗണിക്കാവൂ.

വാക്യമത്സരത്തിനും പൊതുവിജ്ഞാനത്തിനും അതത് മത്സരകേന്ദ്രങ്ങളിൽ ഉത്തരക്കടലാസ് പരിശോധിച്ച് ഫലം പ്രഖ്യാപിക്കണം.

**സോണൽ മത്സരങ്ങൾ**

2020 നവംബർ 14-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് താഴെപ്പറയുന്ന കേന്ദ്രങ്ങളിൽവച്ച് മത്സരങ്ങൾ ആരംഭിക്കുന്നതായിരിക്കും.

**സോണുകൾ**

| | **സോൺ** | **ഉൾപ്പെടുന്ന ഭദ്രാസനങ്ങൾ** | **ചീഫ് സൂപ്രണ്ടന്മാരും മത്സരം നടക്കുന്ന സ്ഥലങ്ങളും പിന്നീട് അറിയിക്കുന്നതായിരിക്കും.** |
|---|---|---|---|
| 1 | മലബാർ സോൺ | കുന്നംകുളം, മലബാർ, സുൽത്താൻ ബത്തേരി ഭദ്രാസനങ്ങൾ | |
| 2 | നോർത്ത് സോൺ | തൃശൂർ, കൊച്ചി, കണ്ടനാട്‌വെസ്റ്റ്, കണ്ടനാട് ഈസ്റ്റ്, അങ്കമാലി ഭദ്രാസനങ്ങൾ | |
| 3 | സെൻട്രൽ സോൺ | നിരണം, കോട്ടയം, കോട്ടയം (C), ഇടുക്കി ഭദ്രാസനങ്ങൾ | |
| 4 | സൗത്ത് സെൻട്രൽ സോൺ | മാവേലിക്കര, ചെങ്ങന്നൂർ, തുമ്പമൺ, നിലയ്ക്കൽ ഭദ്രാസനങ്ങൾ | |
| 5 | സൗത്ത് സോൺ | തിരുവനന്തപുരം, കൊല്ലം, കൊട്ടാരക്കര-പുനലൂർ, അടൂർ-കടമ്പനാട് ഭദ്രാസനങ്ങൾ | |

**ജഡ്ജസ്:** സോണൽ തലത്തിലേക്ക് കേന്ദ്രത്തിൽനിന്ന് ജഡ്ജസിനെ നിശ്ചയിക്കുന്നതാണ്. മറ്റു തലങ്ങളിൽ മത്സരങ്ങൾക്ക് ചീഫ് സൂപ്രണ്ടുമാർ ജഡ്ജസിനെ നേരത്തെതന്നെ നിയോഗിക്കേണ്ടതാണ്. പരാതികൾക്ക് ഇടം നൽകാതെ സൂക്ഷിക്കണം. സംഗീതം, സമൂഹഗാനം എന്നിവയ്ക്കും പ്രസംഗത്തിനും പ്രത്യേകം ജഡ്ജസിനെ ക്രമീകരിക്കുന്നത് നന്നായിരിക്കും. **ഒരു ഇനത്തിൽ രണ്ടു മത്സരാർത്ഥികൾക്ക് ഒരേ മാർക്കിടരുത് എന്നു ചീഫ് സൂപ്രണ്ടുമാർ ജഡ്ജസിനു നിർദ്ദേശം കൊടുക്കണം.**

**ട്രൈബ്യൂണൽ (അപ്പീൽ കമ്മറ്റി):** മത്സരനടത്തിപ്പിൽ പരാതി ഉണ്ടായാൽ മൂന്നുപേരിൽ കുറയാത്ത അംഗങ്ങൾ അടങ്ങിയ ഒരു ട്രൈബ്യൂണലിനെ (അപ്പീൽ കമ്മറ്റി) നിയമിക്കേണ്ടതാണ്. ഡിസ്ട്രിക്ട്തലത്തിൽ ഡിസ്ട്രിക്ട് പ്രസിഡന്റും (അദ്ധ്യക്ഷൻ) മൂന്നു ഹെഡ്മാസ്റ്റർമാരും ഭദ്രാസനതലത്തിൽ ഭദ്രാസന വൈസ് പ്രസിഡന്റും (അദ്ധ്യക്ഷൻ) 3 ഡിസ്ട്രിക്ട് ഇൻസ്പെക്ടർമാരും സോണൽ തലത്തിൽ ഡി.ജി. നിർദ്ദേശിക്കുന്ന ഒരു ഭദ്രാസന വൈസ് പ്രസിഡന്റും(അദ്ധ്യക്ഷൻ) മൂന്ന് ഭദ്രാസന ഡയറക്ടർമാരും കമ്മറ്റി അംഗങ്ങളായിരിക്കണം.

ചീഫ് സൂപ്രണ്ടായിരിക്കും ട്രൈബ്യൂണലിന്റെ കൺവീനർ. മത്സരങ്ങളുടെ നടത്തിപ്പു സംബന്ധിച്ചു പരാതി ഉണ്ടായാൽ വിധി പ്രഖ്യാപിക്കുന്നതിനു മുൻപ് ചീഫ് സൂപ്രണ്ടിനെ രേഖാമൂലം അറിയിക്കേണ്ടതും ചീഫ് സൂപ്രണ്ട് ട്രൈബ്യൂണലിന്റെ ആലോചനയോടെ തീരുമാനം എടുക്കേണ്ടതുമാണ്. ട്രൈബ്യൂണലിന്റെ തീരുമാനം അന്തിമമായിരിക്കും. ഡിസ്ട്രിക്ട് തലത്തിൽ ഹെഡ്മാസ്റ്റർമാർക്കും ഭദ്രാസന തലത്തിൽ ഡിസ്ട്രിക്ട് ഇൻസ്പെക്ടർമാർക്കും സോണൽ തലത്തിൽ ഭദ്രാസന ഡയറക്ടർക്കുമാണു പരാതി നൽകാൻ അർഹതയുള്ളത്. സോണൽ ചീഫ് സൂപ്രണ്ടായി നിയമിക്കപ്പെടുന്ന ഡയറക്ടറുടെ ഭദ്രാസനത്തിൽനിന്നു പരാതി ഉണ്ടായാൽ അത് ഭദ്രാസന സെക്രട്ടറി നൽകേണ്ടതാണ്. മറ്റു പരാതികൾ പരിഗണനാർഹമല്ല. ജഡ്ജസിന്റെ തീരുമാനം സംബന്ധിച്ചു പരാതിക്ക് അവകാശമില്ല. മാർക്ക് ടാബുലേറ്റ് ചെയ്യുവാൻ ഒന്നിലധികം അദ്ധ്യാപകരെ നിയോഗിക്കേണ്ടതും ചീഫ് സൂപ്രണ്ട് അതു പരിശോധിച്ച ശേഷം മാത്രം ഫലം പ്രഖ്യാപിക്കേണ്ടതുമാണ്.

സോണൽ മത്സരത്തിൽ നടക്കുന്ന എഴുത്തുപരീക്ഷകളുടെ ഉത്തരക്കടലാസുകൾ ഭദ്രമായി പായ്ക്കുചെയ്ത് നിരീക്ഷകർവഴി കേന്ദ്രത്തിൽ എത്തിക്കണം. പേപ്പറുകൾ കേന്ദ്രത്തിൽ പരിശോധിച്ച് ഫലം പിന്നാലെ അറിയിക്കുന്നതാണ്.

**മത്സരങ്ങളിൽ റാങ്ക് ബ്രാക്കറ്റഡ് ആയി വന്നാൽ ടാബ്‌ലേറ്റ് ചെയ്യുവാൻ ചുമതലപ്പെടുത്തപ്പെട്ട ആൾ ചീഫ് സൂപ്രണ്ടിനെ വിവരം അറിയിക്കുകയും ചീഫ് സൂപ്രണ്ടിന്റെ സാന്നിദ്ധ്യത്തിൽ രണ്ടു ജഡ്ജസ് കൂടുതൽ മാർക്കിട്ട വിദ്യാർത്ഥിയെ വിജയിയായി പ്രഖ്യാപിക്കേണ്ടതുമാണ്.**

**വിജയികളുടെ പോയിന്റ്:** ഒന്നാം സ്ഥാനത്തിന് 5 പോയിന്റും രണ്ടാം സ്ഥാനത്തിന് 3 പോയിന്റും ആണു കണക്കാക്കേണ്ടത്. പോയിന്റ് കണക്കാക്കുമ്പോൾ പ. ഔഗേൻ ബാവാ അനുസ്മരണ പ്രസംഗമത്സരത്തിന്റെ പോയിന്റ് പരിഗണിക്കുന്നതല്ല.

**സൺഡേസ്കൂൾ പ്രതിഭാ മത്സരങ്ങൾ (വാഗ്മിതിലകം, ഗാനസുഗന്ധി, വിജ്ഞാനി, പ്രവീൺ, വേദവചനഭൂഷൺ) :** ഈ അവാർഡുകൾക്കുള്ള മത്സരങ്ങൾ 2021 ജനുവരി 9-ാം തീയതി ശനിയാഴ്ച സൺഡേസ്കൂൾ കേന്ദ്രഓഫീസിൽവച്ചു നടത്തുന്നതാണ്. മത്സരങ്ങൾ രാവിലെ 10 മണിക്ക് ആരംഭിക്കുന്നതാണ്. എഴുത്തുപരീക്ഷകളുടെ സമയം ഒരു മണിക്കൂർ ആയിരിക്കും.

**വാഗ്മിതിലകം:** സോണൽ സീനിയർ പ്രസംഗമത്സരത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്നവർക്ക് പങ്കെടുക്കാവുന്നതാണ്. വിഷയം 10 മിനിറ്റ് മുമ്പ് മാത്രം നൽകും.

**ഗാനസുഗന്ധി:** സോണൽ തലത്തിൽ സീനിയർ സംഗീതമത്സരത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്നവർക്ക് പങ്കെടുക്കാം.

**വിജ്ഞാനി:** സോണൽതലത്തിൽ സീനിയർ പൊതുവിജ്ഞാനമത്സരത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്നവർക്ക് പങ്കെടുക്കാം.

**പ്രവീൺ:** സോണൽതലത്തിൽ ഹയർസെക്കണ്ടറി പൊതുവിജ്ഞാനത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്നവർക്ക് പങ്കെടുക്കാം.

**വേദവചനഭൂഷൺ:** സോണൽതലത്തിലെ സീനിയർ വിഭാഗത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്ന വിദ്യാർത്ഥികൾക്ക് ഈ മത്സരത്തിൽ പങ്കെടുക്കാം.

**ഒരിക്കൽ ഈ സ്ഥാനങ്ങൾ നേടിയവർക്ക് വീണ്ടും ആ ഇനത്തിൽ സ്കൂൾതലം മുതൽ തന്നെ മത്സരിക്കാൻ അനുവാദം ഉണ്ടായിരിക്കുകയില്ല.**

**ഔഗേൻബാവ അനുസ്മരണ പ്രസംഗമത്സരം:** ഭദ്രാസനതലത്തിൽ നടക്കുന്ന സഹപാഠ്യ മത്സരത്തോടൊപ്പം ഹയർസെക്കണ്ടറി വിഭാഗത്തിൽ പഠിക്കുന്ന റഗുലർ വിദ്യാർത്ഥികൾക്ക് മാത്രമായി പ. ഔഗേൻ ബാവാ അനുസ്മരണ പ്രസംഗം നടത്തുന്നതാണ്. ഇതിൽ ഒന്നും രണ്ടും സ്ഥാനം ലഭിക്കുന്നവർക്ക് സോണൽതല പ്രസംഗമത്സരത്തിൽ പങ്കെടുക്കാം. ഓരോ സോണിലും ഒന്നും രണ്ടും സ്ഥാനം ലഭിക്കുന്നവർക്കായിരിക്കും പ. ഔഗേൻ ബാവാ സ്മാരക

പുരസ്ക്കാരം നൽകുന്നത്. ഔഗേൻബാവായുടെ ജീവിതവുമായി ബന്ധപ്പെട്ട ഒരു വിഷയമായിരിക്കും പ്രസംഗവിഷയമായി നൽകുക. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ഭദ്രാസന മത്സരങ്ങൾക്കു മുൻപ് ഹെഡ്മാസ്റ്റർ മുഖേന പേരുകൾ രജിസ്റ്റർ ചെയ്യണം. കൂടുതൽ കുട്ടികൾ മത്സരിക്കാനുണ്ടെങ്കിൽ ഡിസ്ട്രിക്ട് തലത്തിൽമത്സരം നടത്താവുന്നതാണ്.

# B. പരീക്ഷകൾ

## തീയതിയും സമയവും

| പരീക്ഷകൾ | ക്ലാസ് | തീയതി | സമയം |
|---|---|---|---|
| **അർദ്ധവാർഷിക പരീക്ഷ** | ക്ലാസ് I മുതൽ XII വരെ | ജൂൺ 28 ഞായർ 2020 | 11 am -1 pm |
| **വാർഷിക പരീക്ഷ** | ക്ലാസ് I മുതൽ IX വരെ | ഡിസംബർ 6 ഞായർ 2020 | 11 am -1 pm |
| **പൊതുപരീക്ഷ** | ക്ലാസ് X, XI & XII | **ജനുവരി 2 ശനി 2021** | ക്ലാസ് X: 10 am -1 pm<br>ക്ലാസ് XI, XII: 10 am-12 noon |
| **മത്സര പരീക്ഷ** | ക്ലാസ് V മുതൽ IX വരെ | **ജനുവരി 2 ശനി 2021** | 10 am -12 noon |

നിർദ്ദിഷ്ട കേന്ദ്രങ്ങളിൽ കുട്ടികളെ കൃത്യസമയത്ത് എത്തിക്കുന്നതിന് ആവശ്യമായ ക്രമീകരണം അദ്ധ്യാപകരുടെ സഹകരണത്തോടെ ഹെഡ്മാസ്റ്റർ ചെയ്യേണ്ടതാണ്.

ഡയറക്ടർ ജനറൽ നിർദ്ദേശിക്കുന്ന പരീക്ഷാ തീയതിക്കോ സമയത്തിനോ മാറ്റം വരുത്തുന്നതിന് ആർക്കും അധികാരം ഉണ്ടായിരിക്കുന്നതല്ല. പന്ത്രണ്ടാം ക്ലാസ് പ്രൈവറ്റ് വിദ്യാർത്ഥികൾക്ക് 10 മുതൽ 1 മണിവരെ ആയിരിക്കും പരീക്ഷാസമയം.

### (a) അർദ്ധവാർഷിക പരീക്ഷ

- കേന്ദ്രത്തിൽനിന്നു തയ്യാറാക്കി നൽകുന്ന ചോദ്യപേപ്പറുകൾ ഡയറക്ടർമാർ അച്ചടിച്ച് ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടർമാർ മുഖാന്തിരം ഓരോ സ്കൂളിനും നൽകേണ്ടതാണ്.
- സ്കീം ഓഫ് വർക്ക് അനുസരിച്ച് അർദ്ധവാർഷിക പരീക്ഷയ്ക്കു പഠിക്കേണ്ട ഭാഗങ്ങൾ ഉൾപ്പെടുത്തിയായിരിക്കും ചോദ്യപേപ്പർ തയ്യാറാക്കുക.

### (b) വാർഷിക പരീക്ഷ

- I മുതൽ IX വരെ ക്ലാസ്സുകളുടെ വാർഷിക പരീക്ഷ സ്കൂൾ തലത്തിൽ നിശ്ചിത തീയതിയിലും സമയത്തും ഹെഡ്മാസ്റ്ററുടെ ചുമതലയിൽ OSSAEയുടെ ചോദ്യപേപ്പർ ഉപയോഗിച്ച് നടത്തണം.
- വാർഷിക പരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിൽ കുട്ടികൾക്ക് പ്രമോഷൻ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ സ്റ്റാഫ് കൗൺസിൽ കൂടി തീരുമാനിക്കണം. ആവശ്യമെങ്കിൽ മോഡറേഷൻ നൽകാനും അർദ്ധവാർഷിക പരീക്ഷയുടെ മാർക്കുകൂടി പരിഗണിക്കാനും സ്റ്റാഫ് കൗൺസിലിന് തീരുമാനിക്കാവുന്നതാണ്. ബേത്ലഹേം ക്ലാസ്സിൽ പരീക്ഷകൾ ഇല്ലാത്തതിനാൽ ജനുവരി 1 നു 5 വയസ്സു തികഞ്ഞ കുട്ടികൾക്ക് ഒന്നാം ക്ലാസ്സിലേക്കു പ്രമോഷൻ നൽകണം.
- കേന്ദ്രതലത്തിൽ റാങ്കിനുപകരം ഗ്രേഡ് സമ്പ്രദായം നിലവിൽവന്ന സാഹചര്യത്തിൽ യൂണിറ്റുതലത്തിലും ഗ്രേഡ്സിസ്റ്റം നടപ്പിലാക്കാവുന്നതാണ്. ഗ്രേഡിന്റെ മാനദണ്ഡം താഴെ കൊടുത്തിരിക്കുന്നു.

| A+ | A | B+ | B | C+ | C | D | Failed |
|---|---|---|---|---|---|---|---|
| 91-100% | 81-90% | 71-80% | 61-70% | 51-60% | 41-50% | 35-40% | Below 35 |

- **വാർഷിക പരീക്ഷാ സ്റ്റേറ്റുമെന്റ് (ഫോം നമ്പർ 6) എല്ലാ ഡിസ്ട്രിക്ട് ഇൻസ്പെക്ടർമാരും സെപ്റ്റംബർ 30-ന് മുമ്പായി കേന്ദ്രത്തിൽ ഏല്പിക്കണം. അല്ലാത്തപക്ഷം വാർഷിക പരീക്ഷാ ചോദ്യക്കടലാസ്സുകൾ വിതരണം ചെയ്യുവാൻ സാധിക്കാതെ വരും.**

## (c) പൊതുപരീക്ഷ

1. **വേദപഠന സർട്ടിഫിക്കേറ്റ് (ക്ലാസ് X):** പത്താം ക്ലാസ്സിൽ കേന്ദ്രതലത്തിൽ നടത്തുന്ന പൊതുപരീക്ഷ വിജയിക്കുന്നവർക്ക് വേദപഠന സർട്ടിഫിക്കേറ്റ് ലഭിക്കുന്നതാണ്.
2. **പതിനൊന്നാം ക്ലാസ്:** പതിനൊന്നാം ക്ലാസ്സിൽ കേന്ദ്ര തലത്തിൽ പൊതുപരീക്ഷ നടത്തി അതിൽ ലഭിക്കുന്ന മാർക്കുകൂടി വേദപ്രവീൺ ഡിപ്ലോമ(ക്ലാസ് XII)യുടെ ഗ്രേഡിന് പരിഗണിക്കുന്നതാണ്. അതുകൊണ്ട് **2021** ജനുവരി 2-നു നടക്കുന്ന പൊതുപരീക്ഷ എഴുതാത്ത **XI**-ാം ക്ലാസ് വിദ്യാർത്ഥികൾക്ക് **2021**-ലെ **XII**-ാം ക്ലാസ് പരീക്ഷ റഗുലർ ആയി എഴുതുവാൻ അനുവാദം ഉണ്ടായിരിക്കുന്നതല്ല.
3. **സൺഡേസ്കൂൾ വേദപ്രവീൺ ഡിപ്ലോമ (ക്ലാസ് XII):** നാലു വയസ്സിൽ ബേതലഹേം വിഭാഗത്തിൽ ചേരുന്ന കുട്ടി പന്ത്രണ്ടാം ക്ലാസ് (താബോർ വിഭാഗം) പാസാകുമ്പോഴാണ് സൺഡേസ്കൂൾ പഠനം അവസാനിക്കുന്നത്.
   - പന്ത്രണ്ടാം ക്ലാസ് പാസാകുന്ന കുട്ടിക്കാണ് 'സൺഡേസ്കൂൾ വേദപ്രവീൺ' ഡിപ്ലോമ സർട്ടിഫിക്കേറ്റ് ലഭിക്കുന്നത്.
   - XII-ാം ക്ലാസ് റഗുലർ വിദ്യാർത്ഥികളുടെ പരീക്ഷയ്ക്ക് ആ ക്ലാസ്സിലേക്കു നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പുസ്തകങ്ങൾ അടിസ്ഥാനമാക്കിയാണ് പരീക്ഷ നടക്കുന്നത്.
   - ഇത് ദ്വിവത്സര കോഴ്സ് ആയതിനാൽ പ്രൈവറ്റായി ഈ പരീക്ഷ എഴുതുവാൻ താല്പര്യമുള്ളവർക്ക് ഹെഡ്മാസ്റ്ററുടെ പക്കൽ പേരുകൾ രജിസ്റ്റർ ചെയ്യുന്നതിന്റെ അടുത്ത വർഷം മാത്രമേ XII-ാം ക്ലാസ് പരീക്ഷ എഴുതുവാൻ അർഹതയുണ്ടായിരിക്കുകയുള്ളു. <u>പ്രൈവറ്റ് വിദ്യാർത്ഥികൾക്ക് XI, XII ക്ലാസ്സുകളിലെ പാഠഭാഗങ്ങൾ ഉൾക്കൊള്ളിച്ചുള്ള ഒരു പരീക്ഷ മാത്രമേ ഉണ്ടായിരിക്കുകയുള്ളു.</u>

പ്രോജക്റ്റും, ഓറിയന്റേഷൻകോഴ്സും, പതിനൊന്നാം ക്ലാസിൽതന്നെ തൃപ്തികരമായി ചെയ്താൽ പന്ത്രണ്ടാം ക്ലാസിലുണ്ടാകാവുന്ന പ്രയാസങ്ങൾ ഒഴിവാക്കുവാൻ സാധിക്കും. വേദപ്രവീൺ പരീക്ഷയ്ക്ക് അപേക്ഷിക്കുന്ന വിദ്യാർത്ഥികളുടെ പ്രോജക്ടുകൾ അതാതു ഡിസ്ട്രിക്റ്റിലെ ഇൻസ്പെക്ടർമാർ പരിശോധിച്ച് അതിന്റെ നിലവാരം ഉറപ്പുവരുത്തേണ്ടതാണ്. ഡിസ്ട്രിക്റ്റിലെ വിദ്യാർത്ഥികളുടെ പേര്, പ്രോജക്ടിന്റെ വിഷയം, വർഷം എന്നിവ രേഖപ്പെടുത്തിയ ഒരു രജിസ്റ്റർ ഇൻസ്പെക്ടർമാർ സൂക്ഷിക്കേണ്ടതാണ്. **വേദപ്രവീൺ ഡിപ്ലോമ പരീക്ഷ എഴുതുവാൻ പരീക്ഷാർത്ഥിക്ക് അർഹതയുണ്ടെന്നു ഡയറക്ടർ സാക്ഷ്യപ്പെടുത്തിയ അപേക്ഷകൾ മാത്രമേ കേന്ദ്രത്തിൽ സ്വീകരിക്കുകയുള്ളു.**

### X-ാം ക്ലാസ്, XI-ാം ക്ലാസ്, XII-ാം ക്ലാസ് (വേദപ്രവീൺ ഡിപ്ലോമ) രജിസ്ട്രേഷൻ:

- X, XI, XII ക്ലാസ്സുകളിലെ പൊതുപരീക്ഷയ്ക്കു ചേരുവാനുള്ള കുട്ടികൾ അപേക്ഷാഫാറം പൂരിപ്പിച്ച് രജിസ്റ്റർ ചെയ്യണം. രജിസ്ട്രേഷൻ ഫാറങ്ങൾ ഹെഡ്മാസ്റ്ററുടെ പക്കലും സൺഡേസ്കൂൾ വെബ്സൈറ്റിലും(www.ossae.org) ലഭ്യമാണ്. ഈ ഫാറത്തിൽ എഴുതുന്ന പേരും അഡ്രസ്സും ആയിരിക്കും സർട്ടിഫിക്കറ്റിൽ വരുന്നത്. അതുകൊണ്ട് സർട്ടിഫിക്കേറ്റിൽ വരേണ്ടതുപോലെ പേരെഴുതുവാൻ ശ്രദ്ധിക്കുക.
- പത്താം ക്ലാസ് പാസ്സായവർക്കു മാത്രമാണ് XI, XII ക്ലാസ്സുകളിലെ പൊതുപരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുവാൻ അർഹതയുള്ളത്. എന്നാൽ അഞ്ചു വർഷം അധ്യാപന പരിചയമുള്ള സൺഡേസ്കൂൾ അധ്യാപകർ, 40 വയസ്സിനു മുകളിൽ പ്രായമുള്ള ഓർത്തഡോക്സ് സഭാംഗങ്ങൾ എന്നിവർക്ക് ഇതു നിർബന്ധമല്ല.
- എല്ലാ വിഭാഗം വിദ്യാർത്ഥികൾക്കും **പരീക്ഷാ രജിസ്ട്രേഷൻ ഫീസ് 100 രൂപ** ആയിരിക്കും.
- ഹെഡ്മാസ്റ്റർ അതതു സ്കൂളുകളിലെ 10-ാം ക്ലാസ്സിലെ ഫാറങ്ങൾ അടുക്കി അതിനു മുകളിൽ EX-S-X എന്ന ഫാറവും 11-ാം ക്ലാസ്സിലെ ഫാറങ്ങൾ അടുക്കി അതിനു മുകളിൽ EX-S-XI

എന്ന ഫാറവും അതിനു മുകളിൽ EX-S-C എന്ന ഫാറവും വെച്ച് കുത്തിക്കെട്ടി ആവശ്യമായ ഫീസ് സഹിതം ഡി. ഇൻസ്പെക്ടറെ ഓഗസ്റ്റ് 31-നു മുൻപ് ഏല്പിക്കേണ്ടതാണ്.

- 12-ാം ക്ലാസ്സിലെ ഫാറങ്ങൾ അടുക്കി അതിനു മുകളിൽ EX-S-XII എന്ന ഫാറം വച്ച് കുത്തിക്കെട്ടി ഓഗസ്റ്റ് 31-നു മുൻപ് ഡി. ഇൻസ്പെക്ടറെ ഏല്പിക്കേണ്ടതാണ്.
- അപേക്ഷാഫാറങ്ങൾ അടുക്കിയിരിക്കുന്ന ക്രമത്തിൽ തന്നെ EX-S-X, EX-S-XI & EX-S-XII ഫാറങ്ങളിൽ പേരുകൾ എഴുതേണ്ടതാണ്.
- സ്കൂൾകോഡ് ശരിയായി ചേർക്കുവാൻ ശ്രദ്ധിക്കണം.
- ഡി. ഇൻസ്പെക്ടർമാർ എല്ലാ സ്കൂളുകളിലെയും 12-ാം ക്ലാസ്സിലെ അപേക്ഷാഫാറങ്ങൾ EX-S-XII ഫാറങ്ങൾ സഹിതം ഒരുമിച്ചു കുത്തിക്കെട്ടി **സെപ്റ്റംബർ** 15 നകം ഡയറക്ടർക്ക് അയച്ചുകൊടുക്കണം.
- ഡയറക്ടർമാർ അപേക്ഷകൾ പരിശോധിച്ച് ഒപ്പിട്ട് **സെപ്റ്റംബർ** 30-നു മുൻപു കേന്ദ്രത്തിൽ ഏല്പിക്കണം.
- 10, 11 ക്ലാസ്സുകളിലെ അപേക്ഷാഫാറങ്ങൾ ഡി. ഇൻസ്പെക്ടർമാർ EX-S-XI, EX-S-XII, EX-S-C ഫാറങ്ങൾ സഹിതം ഒരുമിച്ചു കുത്തിക്കെട്ടി **സെപ്റ്റംബർ** 20 നകം കേന്ദ്രഓഫീസിൽ ഏല്പിക്കണം.
- **മുകളിൽ കൊടുത്തിരിക്കുന്ന അവസാന തീയതികൾക്കുശേഷം ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.**
- **രജിസ്ട്രേഷൻ ഫോറങ്ങൾ പൂർണ്ണമായും പൂരിപ്പിച്ചിട്ടുണ്ട് എന്ന് ഉറപ്പാക്കിയശേഷം മാത്രം കേന്ദ്രഓഫീസിലേക്കയക്കുവാൻ ചുമതലക്കാർ ശ്രദ്ധിക്കണം.** ഓരോ സ്കൂളിന്റെയും **സ്കൂൾ കോഡ്** ഇൻസ്പെക്ടർ പരിശോധിച്ച് തെറ്റുണ്ടെങ്കിൽ തിരുത്തണം.

ഒരു സ്കൂളിൽനിന്നും രജിസ്റ്റർ ചെയ്ത കുട്ടികളുടെ വിവരങ്ങൾ ഹെഡ്മാസ്റ്റർ കൃത്യമായി രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുകയും EX-S-X, EX-S-XI, EX-S-XII ഫാറങ്ങളുടെ ഓഫീസ് കോപ്പി ഫയലിൽ സൂക്ഷിക്കുകയും ചെയ്യണം. ഡിസ്ട്രിക്റ്റ് തലത്തിൽ രജിസ്റ്റർ ചെയ്ത കുട്ടികളുടെ വിവരങ്ങൾ അടങ്ങുന്ന രജിസ്റ്ററും EX-S-C ഫാറത്തിന്റെ കോപ്പിയും ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടർമാർ സൂക്ഷിക്കണം. ഹാൾ ടിക്കറ്റുകളുടെ കൃത്യമായ വിതരണത്തിനും പരീക്ഷാസംബന്ധമായ മറ്റ് ആവശ്യങ്ങൾക്കും ഈ രജിസ്റ്റർ ഉപയോഗിക്കണം.

**റഗുലർ വിദ്യാർത്ഥികൾ:** 2020-ൽ സൺഡേസ്കൂൾ X, XI, XII ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളാണ് റഗുലർ വിഭാഗത്തിൽപ്പെടുന്നത്.

**പ്രൈവറ്റ് വിദ്യാർത്ഥികൾ:** 2020-നു മുൻപ് ഏതെങ്കിലും വർഷം X-ാം ക്ലാസ്സിലോ XII-ാം ക്ലാസ്സിലോ പഠിച്ചവർ പരീക്ഷ എഴുതാതെയോ പരീക്ഷയിൽ വിജയിക്കാതെയോ ഈ വർഷം വീണ്ടും എഴുതുന്നു എങ്കിൽ അവർ പ്രൈവറ്റ് വിഭാഗത്തിൽപ്പെടുന്നു. കൂടാതെ, സൺഡേസ്കൂളിൽ ചേർന്നു പഠിക്കുവാനോ, പഠനം പൂർത്തിയാക്കുവാനോ അവസരമില്ലാതിരുന്നവർക്ക് 17 വയസ് പൂർത്തിയായാൽ 10-ാം ക്ലാസ്സ് പരീക്ഷയ്ക്കും തുടർന്ന്, 2-ാം വർഷം 12-ാം ക്ലാസ്സ് പരീക്ഷയ്ക്കും ചേരാവുന്നതാണ്. ഇവരും പ്രൈവറ്റ് വിഭാഗത്തിൽപ്പെടുന്നു.

പ്രൈവറ്റ് വിദ്യാർത്ഥികൾക്ക് A+ ഗ്രേഡ് ലഭിച്ചാൽ പ്രത്യേക സമ്മാനം നൽകുന്നതല്ല.

**ഹാൾടിക്കറ്റ്:** കേന്ദ്ര ഓഫീസിൽനിന്നും ലഭിക്കുന്ന ഹാൾ ടിക്കറ്റുകൾ ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടർമാർ ഏറ്റുവാങ്ങി രജിസ്റ്ററിൽ രേഖപ്പെടുത്തി ഓരോ സ്കൂളിൽനിന്നും രജിസ്റ്റർ ചെയ്ത കുട്ടികളുടെ പേരുമായി ഒത്തുനോക്കേണ്ടതാണ്. ഹാൾടിക്കറ്റിൽ പരീക്ഷാ കേന്ദ്രം രേഖപ്പെടുത്തി ഒപ്പും സീലും പതിച്ച് ഡിസംബർ 1-ാം തീയതിക്കുമുമ്പ് ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടർ ഹെഡ്മാസ്റ്റർക്ക് കൈമാറണം. ഓരോ സ്കൂളിനും നൽകുന്ന ഹാൾ ടിക്കറ്റിന്റെ വിശദാംശങ്ങൾ (എണ്ണം, പേര്, ക്ലാസ്സ്) ഹെഡ്മാസ്റ്ററെ ബോദ്ധ്യപ്പെടുത്തുവാൻ ശ്രദ്ധിക്കണം.

ഡിസംബർ 15-നകം ഹാൾ ടിക്കറ്റ് ലഭിച്ചില്ല എങ്കിൽ ഹെഡ്മാസ്റ്റർ ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടറുമായി ബന്ധപ്പെട്ട് സത്വരനടപടികൾ സ്വീകരിക്കണം. ഹെഡ്മാസ്റ്റർ തനിക്കു ലഭിച്ച ഹാൾ ടിക്കറ്റുകൾ രജിസ്റ്ററുമായി ഒത്തുനോക്കണം. എന്തെങ്കിലും കുറവുണ്ടെങ്കിൽ ഇൻസ്പെക്ടറെ അറിയിക്കണം. ഇൻസ്പെക്ടർ കേന്ദ്രആഫീസുമായി ബന്ധപ്പെട്ട് ആവശ്യമായ

നടപടികൾ സ്വീകരിക്കുന്നതാണ്. വിദ്യാർത്ഥിയും ഹെഡ്മാസ്റ്ററും ഒപ്പു രേഖപ്പെടുത്തിയശേഷമാണ് ഹാൾടിക്കറ്റുകൾ വിതരണം ചെയ്യുന്നത് എന്ന് ഹെഡ്മാസ്റ്റർ ഉറപ്പുവരുത്തണം. പരീക്ഷാ ഹാളിൽ ഹാൾടിക്കറ്റ് നിർബന്ധമാണ്.

### (d) മത്സരപരീക്ഷ

V മുതൽ IX വരെയുള്ള ക്ലാസ്സുകൾക്കു മാത്രമായിരിക്കും മത്സരപ്പരീക്ഷകൾ നടത്തുന്നത്. വാർഷിക പരീക്ഷയിൽ 80 ശതമാനമോ അതിൽ കൂടുതലോ മാർക്കു ലഭ്യമാകുകയും 60 ശതമാനം ഹാജർ ഉണ്ടാകുകയും ചെയ്യുന്നവർക്കാണ് മത്സരപ്പരീക്ഷയിൽ പങ്കെടുക്കുവാൻ അർഹതയുള്ളത്. വാർഷികപ്പരീക്ഷയിൽ ഹാജർ സംബന്ധിച്ച് വികാരിയുമായി ആലോചിച്ച് ഹെഡ്മാസ്റ്റർക്ക് ആവശ്യമായ ഇളവു നല്കാവുന്നതാണ്. **80% മാർക്കുള്ള കുട്ടികളുടെ ലിസ്റ്റ് കൊടുക്കുമ്പോൾ വാർഷികപ്പരീക്ഷയുടെ ഉത്തരക്കടലാസുകൂടി ഇൻസ്പെക്ടറെ ഏല്പിക്കേണ്ടതാണ്.** ഇൻസ്പെക്ടർ ഉത്തരക്കടലാസുകൾ കണ്ട് 40 മാർക്കെങ്കിലും ഉണ്ടെന്നുറപ്പാക്കിയശേഷമാണ് മത്സരപ്പരീക്ഷയ്ക്കുള്ള ലിസ്റ്റ് തയ്യാറാക്കേണ്ടത്.

**ചീഫ് സൂപ്രണ്ട്:** ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടർമാർ തന്നെയായിരിക്കും ചീഫ് സൂപ്രണ്ടുമാർ.

**ഡപ്യൂട്ടി ചീഫ് സൂപ്രണ്ട്:** ഡപ്യൂട്ടി ചീഫ് സൂപ്രണ്ടുമാരെ ഭദ്രാസന ഡയറക്ടർമാരുടെ ശുപാർശയോടെ ഡയറക്ടർ ജനറൽ നിയമിക്കുന്നതാണ്. അവരുടെ യഥാർത്ഥ ചെലവ് അതതു ഭദ്രാസനത്തിലെ കവർ കാണിക്ക വിഹിതത്തിൽനിന്നും ഡയറക്ടർമാർ നൽകുന്നതായിരിക്കും. പരീക്ഷയുടെ പൂർണ്ണ ഉത്തരവാദിത്വം ചീഫ് സൂപ്രണ്ടിനും ഡപ്യൂട്ടി ചീഫ് സൂപ്രണ്ടിനും ആയിരിക്കും. ഇതു സംബന്ധിച്ച വിശദവിവരം യഥാസമയം കേന്ദ്രത്തിൽ നിന്നും നൽകുന്നതാണ്.

**ഉത്തരക്കടലാസ് പുനഃപരിശോധന:** 2021 മാർച്ച് 10-ാം തീയതിക്കകം പുനഃപരിശോധനാ ഫീസ് ഒരു പേപ്പറിന് 100 രൂപ അടച്ച് നിശ്ചിത ഫോറത്തിൽ ഡയറക്ടർ ജനറലിന്റെ പേർക്ക് ഹെഡ്മാസ്റ്റർ മുഖേന അപേക്ഷ അയയ്ക്കണം. പരിശോധനാഫലം ഏപ്രിൽ 10-നകം അറിയിക്കുന്നതാണ്.

**സൺഡേസ്കൂൾ കരിക്കുലം:** ഈ വർഷം 5, 11, 12 എന്നീ ക്ലാസ്സുകളിലെ കരിക്കുലത്തിൽ മാറ്റം ഉള്ളത് എല്ലാവരും ശ്രദ്ധിക്കുമല്ലോ. 5, 12 ക്ലാസ്സുകളിലെ മലയാളം പുസ്തകങ്ങൾ മാറ്റം ഉള്ളവയാണ് ഇപ്പോൾ വിതരണം ചെയ്യുന്നത്. മാറ്റം വരുത്തിയ ഇംഗ്ലീഷ് പുസ്തകങ്ങൾ തയ്യാറാക്കിയിട്ടില്ല എന്നതുകൊണ്ട് ഇംഗ്ലീഷ് പുസ്തകങ്ങൾ ഉപയോഗിക്കുന്നവർ മാറ്റങ്ങൾ ശ്രദ്ധിക്കണം. 11-ാം ക്ലാസ്സിലെ പുസ്തകത്തിലെ യൂണിറ്റ് 2 ഈ വർഷം മുതൽ 11-ാം ക്ലാസ് കരിക്കുലത്തിന്റെ ഭാഗമല്ല.

**ദ സൺഡേസ്കൂൾ:** സൺഡേസ്കൂൾ അധ്യാപകരെ പ്രത്യേകമായി ഉദ്ദേശിച്ച് പ്രസിദ്ധീകരിക്കുന്ന **'ദ സൺഡേസ്കൂൾ' വർഷത്തിൽ 4 പ്രാവശ്യം ഇറക്കുന്നതാണ്.** മുതിർന്ന ക്ലാസ്സുകളിലെ ബോധന സഹായകമായ വിവരങ്ങളും മത്സരപ്പരീക്ഷകൾ, പ്രതിഭാമത്സരങ്ങൾ എന്നിവയെ കണക്കിലെടുത്തും ഉള്ളടക്കം ക്രമീകരിക്കുവാൻ ശ്രമിക്കുന്നു. ഓരോ അധ്യാപകനും ഒരു കോപ്പിവച്ചു ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നു. ആയതിനു കേന്ദ്രതലത്തിൽ ഒരു സബ്സിഡി അനുവദിച്ചാലും ഒരു വർഷത്തേക്ക് ഒരാൾക്ക് 60 രൂപ വച്ചു വരിസംഖ്യയായി ലഭിക്കണം. അത് അധ്യാപകർ നേരിട്ടോ, യൂണിറ്റ്, ഡിസ്ട്രിക്റ്റ് ഭദ്രാസന ഫണ്ടിൽനിന്നോ കേന്ദ്രത്തിൽ അടയ്ക്കണം എന്നു സ്നേഹപൂർവ്വം അറിയിക്കുന്നു.

നിങ്ങളുടെ സഹപ്രവർത്തകൻ

ഡോ. വർഗീസ് വർഗീസച്ചൻ
ഡയറക്ടർ ജനറൽ

Devalokam
20-02-2019

**N.B.:** S.B.I. Account No. of O.S.S.A.E., Director General 57017053258, S.B.I. Devalokam Branch, I.F.S. Code SBIN0070820. 'THE SUNDAYSCHOOL' Account No. 57017053779.